**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2515** **18.07.2011- ൽ മറുപടിയ്ക്ക്**

**രാസവളങ്ങളുടെ വിലവർദ്ധന**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ഫാക്ടംഫോസ്, പൊട്ടാഷ്, കോംപ്ലക്സ് വളങ്ങൾ എന്നിവയുടെ വിലയിൽ ഉണ്ടായിട്ടുള്ള ഗണ്യമായ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) വിലവർദ്ധനവ് കാർഷികരംഗത്തെ എപ്രകാരം ബാധിക്കുമെന്ന് കരുതുന്നു ; | (ബി) | കേരളത്തിലെ പ്രധാനവിളകളായ നെല്ല്, തെങ്ങ്, വാഴ, റബ്ബർ, ഇഞ്ചി തുടങ്ങിയവയ്ക്ക് രാസവള പ്രയോഗം നടത്തേണ്ട സമയത്താണ് വില വർദ്ധനവ് ഉണ്ടായത് . എന്നതിനാൽ ഇത് കർഷകരെ സാരമായി ബാധിക്കും. വർദ്ധിച്ച വില നൽകി രാവസവള പ്രയോഗം നടത്താൻ കർഷകർ മടിയ്ക്കുന്നതിനാൽ ഉല്പാദനക്ഷമത കുറയുന്നത് സാമ്പത്തികമായി ബാധിയ്ക്കും. |
| സി) ഇത് പരിഹരിക്കുന്നതിനായി ആശ്വാസ നടപടികൾ കൈക്കൊള്ളുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (സി) | നെല്ല്, തെങ്ങ്, കുരുമുളക്, വാഴ തുടങ്ങിയ പ്രധാന വിളകൾക്ക് വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സബ്സിഡി നൽകി വരുന്നുണ്ട്. നെൽകർഷകർക്ക് ഹെക്ടറിന് 1500/- രൂപ ക്രമത്തിൽ സുസ്ഥിര നെൽകൃഷി പദ്ധതിയിൽ രാസവളം ഉൾപ്പെടെയുള്ള ഉപാധികൾക്ക് ധനസഹായം നൽകുന്നുണ്ട്. ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരമുള്ള പദ്ധതികളിലും നെൽകർഷകർക്ക് രാസവളം വിതരണം ചെയ്യുന്നുണ്ട്. നാളികേര വികസന ബോർഡിന്റെ പദ്ധതി നടപ്പിലാക്കുന്ന കൊല്ലം, തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ തിരഞ്ഞെടുത്ത ബ്ലോക്കുകളിൽ കർഷകർക്ക് സൗജന്യമായി വളം വിതരണം ചെയ്യുന്നുണ്ട്. ചെറിയ തോതിലെങ്കിലും ഇത് കർഷകർക്ക് സഹായകരമാണ്. |

Ramlath

**സെക്ഷൻ ഓഫീസർ**